## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 29     18.03.2013-ൽ മറുപടിയ്ക്ക്

### കേന്ദ്രമന്ത്രിമാരുമായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ കൂടിക്കാഴ്ച

| | **ചോദ്യം**<br>ശ്രീ. എം. ചന്ദ്രൻ | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈയിടെ ഡൽഹിയിൽ കേന്ദ്രമന്ത്രിമാരെ കാണാൻ പോയ സംഘത്തിൽ മുഖ്യമന്ത്രിക്കൊപ്പം ഏതെല്ലാം മന്ത്രിമാരാണ് ഉണ്ടായിരുന്നത് ; | (എ) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി), ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി), ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി), ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി), ശ്രീ. അനൂപ് ജേക്കബ്ബ് (ഭക്ഷ്യ-പൊതുവിതരണ, രജിസ്ട്രേഷൻ വകുപ്പു മന്ത്രി), ശ്രീ. അടൂർ പ്രകാശ് (റവന്യൂ വകുപ്പു മന്ത്രി), ശ്രീ. കെ.പി. മോഹനൻ (കൃഷി, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) എന്നിവർ ഉൾപ്പെട്ട സംഘമാണ് ഉണ്ടായിരുന്നത്. |
| (ബി) | എത്ര കേന്ദ്രമന്ത്രിമാരെയാണ് നേരിൽ കണ്ട് മന്ത്രിതല സംഘം ചർച്ച നടത്തിയത്; | (ബി) | ഇരുപത് കേന്ദ്രമന്ത്രിമാർക്കാണ് വിവിധ ആവശ്യങ്ങളുന്നയിച്ചു കൊണ്ടുള്ള നിവേദനങ്ങൾ നൽകിയത്. |
| (സി) | ഇതിന്റെ ഭാഗമായി എന്തെല്ലാം സഹായങ്ങളാണ് കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുള്ളത് ; | (സി)<br>&<br>(ഡി) | സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമായത്. സംസ്ഥാനം ഉന്നയിച്ച പുതിയ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | ഏതെല്ലാം പദ്ധതികൾക്കാണ് പുതുതായി സഹായം ലഭ്യമായിട്ടുള്ളതെന്നു വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ